**QP CODE** **Enrollment Number: ………………**

**A4060** **Name: ………………………………**

**B.A. DEGREE EXAMINATIONS, DECEMBER 2024**
**Second Semester**
**B21ML01AC – പ്രായോഗികമലയാളം**
**(2023 July admissions)**

**Time: 3 Hours** **Max Marks: 70**

**സെക്ഷൻ എ**

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. ലോകത്തിലെ ആദ്യത്തെ വിവർത്തനശ്രമമായി കരുതപ്പെടുന്നത് ഏതിനെയാണ് ?
2. വ്യഞ്ജനത്തെ ഇടയ്ക്കിടെ ആവർത്തിക്കുന്ന പ്രാസമേത്?
3. കേരള പത്രികയുടെ ഉടമ ആരായിരുന്നു ?
4. സങ്കേതനം എന്നാൽ എന്ത്?
5. ശൈലിക്ക് സംസ്കൃതത്തിൽ പറയുന്ന പേരെന്ത് ?
6. 'മലയാളസാഹിത്യവിമർശനം' എന്ന കൃതിയുടെ കർത്താവ്?
7. ജ്ഞാനപീഠപുരസ്കാരത്തേക്കാളും ജി. ശങ്കരക്കുറുപ്പിനെ ആകർഷിച്ച ഘടകം എന്താണ് ?
8. *'കണ്ണീരും കിനാവും'* എന്ന കൃതിയുടെ കർത്താവ്?
9. ലോകത്തിലെ മഹത്തായ ആത്മഹത്യകളിൽ ഒന്ന് ഇടപ്പള്ളിയുടേതാണ് എന്നു പറഞ്ഞത് ആര്?
10. ഇൻട്രോ അഥവാ ലീഡ് എന്താണ്?
11. നാടുകടത്തപ്പെട്ട ആദ്യത്തെ മലയാള പത്രപ്രവർത്തകൻ ആരാണ് ?
12. ഗാന്ധിജിയുമായി അഭിമുഖം നടത്തിയ ബ്രിട്ടീഷ് പ്രതിനിധി ആരായിരുന്നു?
13. എന്താണ് ലക്ഷ്യഭാഷ?
14. ലിപ്യന്തരണം ചെയ്യുക - How old are you?
15. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക - Affidavit

**(1X10=10)**

**സെക്ഷൻ ബി**

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക .രണ്ടു മാർക്കു വീതം**

16. ഗദ്യശൈലിക്കുവേണ്ട പ്രധാന ഗുണങ്ങൾ എന്തെല്ലാം?

17. ശൈലിയെ ബഫൺ നിർവ്വചിച്ചതെങ്ങനെ?
18. കേരളവർമ്മയുടെ സംസ്കൃതപ്രചുരമായ ഗദ്യത്തിന് കാരണമെന്ത്?
19. പ്രഭാഷണംകൊണ്ട് വിശ്വവിജയം നേടിയ ഒരേ ഒരു ഭാരതീയൻ ആരാണ്? അദ്ദേഹത്തെ വിശ്വപ്രസിദ്ധനാക്കിയ പ്രസംഗം ഏതാണ്?
20. ബഷീറിന്റെ '*ശബ്ദങ്ങൾ*' എന്ന കൃതിയുടെ മൗലികതയെന്ത്?
21. '*ഹിമാലയം*' എന്ന നോവലിന്റെ പ്രമേയമെന്ത്?
22. "കവിയായി ജീവിക്കലാണ് കാര്യം, എഴുതലല്ല" - ഇത് ആര് ആരോട് പറഞ്ഞ വാക്കുകളാണ്?
23. ഇൻവെർട്ടഡ് പിരമിഡ് രീതികൊണ്ട് എഡിറ്റർക്കുള്ള സൗകര്യമെന്ത്?
24. പദാനുപദവിവർത്തനം, ആശയവിവർത്തനം എന്നിവ എന്ത്?
25. മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട നാലു കൃതികളുടെ പേരെഴുതുക.

**(2X5=10)**

**സെക്ഷൻ സി**

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

26. ആശയവിനിമയത്തിലെ ഘടകങ്ങളെ വിലയിരുത്തുക.
27. ഭാഷാശുദ്ധീകരണത്തിന് പ്രൊഫ. കെ. ഗോപാലകൃഷ്ണൻ മുന്നോട്ടുവയ്ക്കുന്ന പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാം?
28. ജി.ശങ്കരക്കുറുപ്പിന്റെ ജ്ഞാനപീഠപുരസ്കാരസ്വീകരണപ്രസംഗം സമകാലത്ത് പ്രസക്തമാകുന്നത് എങ്ങനെ?
29. ബഷീറിന്റെ '*ബാല്യകാലസഖി*' എന്ന കൃതിയെ എം.എൻ. വിജയൻ വിലയിരുത്തുന്നത് വിശകലനം ചെയ്യുക.
30. മഹാത്മാഗാന്ധിയെക്കുറിച്ചുള്ള വി.ടി. ഭട്ടതിരിപ്പാടിന്റെ ചിന്തകൾ ക്രോഡീകരിക്കുക.
31. ഇടപ്പള്ളി മരണംകൊണ്ട് കാണിച്ചതും ചങ്ങമ്പുഴ തന്റെ നാനാമുഖമായ പ്രവർത്തനങ്ങൾകൊണ്ട് തെളിയിച്ചതുമായി കാര്യങ്ങൾ എന്തെല്ലാമാണെന്നാണ് എം.എൻ. വിജയൻ പറയുന്നത്?
32. സ്വാതന്ത്ര്യം വിലപേശാനുള്ളതല്ല എന്ന് മഹാത്മാഗാന്ധി പറയുന്നതിന്റെ സാംഗത്യം വിശകലനം ചെയ്യുക.
33. എസ്.വി. വേണുഗോപൻനായർ കോവിലനുമായി നടത്തിയ അഭിമുഖസംഭാഷണത്തിന്റെ സവിശേഷതകൾ ചർച്ചചെയ്യുക.
34. ഒരു നല്ല വിവർത്തകനുവേണ്ട യോഗ്യതകൾ എന്തെല്ലാമെന്നാണ് എൻ.വി. കൃഷ്ണവാരിയർ പറയുന്നത്? വിവരിക്കുക.
35. ആർ. രാമചന്ദ്രന്റെ കവിതകളുടെ സവിശേഷതകൾ എന്തെല്ലാം? ചർച്ചചെയ്യുക.
36. ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
37. കുറിപ്പെഴുതുക -വിവർത്തനവും ഭാഷാശാസ്ത്രവും.

**(5X6=30)**

**QP CODE**
**A4060**

**സെക്ഷൻ ഡി**

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

38. മനുഷ്യഭാഷയുടെ ആശയവിനിമയസാധ്യതകളെ പ്രഭാകരവാരിയർ വിവരിച്ചിരിക്കുന്നതെങ്ങനെയാണ് ? മലയാളപരിസരത്തിൽ വിവരിക്കുക.
39. വി.ടി. ഭട്ടതിരിപ്പാട് 'എന്റെ മണ്ണ് ' എന്ന ലേഖനത്തിലൂടെ അവതരിപ്പിക്കുന്ന പ്രധാന ആശയങ്ങൾ ക്രോഡീകരിക്കുക.
40. വാർത്താമൂലകങ്ങളെയും അവയുടെ ശരിയായ ഉപയോഗത്തെയും ജോയ് തിരുമൂലപുരം വിവരിക്കുന്നത് കേരളീയസന്ദർഭത്തിൽ വിവരിക്കുക.
41. വിവർത്തനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട സിദ്ധാന്തങ്ങൾ വിശകലനം ചെയ്യുക.

**(10X2=20)**